CEE/7626/2006/TAIV

# കേരള സർക്കാർ

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ശാന്തി നഗർ, തിരുവനന്തപുരം

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള റീ-അലോട്ടുമെന്റ് - 2007

ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള റീ-അലോട്ടുമെന്റ് 2007 മേയ് മാസം 26 നു മുമ്പ് ഓൺ-ലൈൻ സംവിധാനത്തിലൂടെ നടത്തുന്നതാണ്.

15-04-2007നു നിലവിലുണ്ടായിരുന്ന സീറ്റുകളിൽ അലോട്ടുമെന്റിനു ശേഷം ഒഴിവു വന്ന സീറ്റുകളിലും, പ്രോസ്പെക്ടസ്സ് വ്യവസ്ഥകൾ പ്രകാരം അധികമായി ലഭിയ്ക്കുവാൻ സാദ്ധ്യതയുള്ള സീറ്റുകളിലേയ്ക്കുമായിരിക്കും റീ-അലോട്ടുമെന്റ് നടത്തുക.

15-04-2007നു ലഭ്യമല്ലാതിരുന്നതും, അധികമായി സ്റ്റേറ്റ് ക്വോട്ടയിലേയ്ക്ക് ലഭിക്കുന്ന സീറ്റുകളിൽ (പുതിയ കോഴ്സ് - കോളേജ്) ഓപ്ഷനുകൾ മാത്രമേ വിദ്യാർത്ഥികൾക്ക് പുതിയതായി നൽകുവാൻ സാധിക്കുകയുള്ളു. നിലവിൽ ഒഴിവു വന്ന സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾ 15-04-2007നു സമർപ്പിച്ച ഓപ്ഷനുകൾ ആയിരിക്കും പരിഗണിക്കുക. ഈ ഓപ്ഷനുകളുടെ വിശദാംശങ്ങൾ "**cee-kerala.org**" എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. 2007 പി.ജി മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും, അധികമായി ലഭിക്കുന്ന സീറ്റുകളിലേയ്ക്ക് ഓപ്ഷൻ നൽകുവാൻ കഴിയും. ഈ സീറ്റുകളുടെ വിശദാംശങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായതിനു ശേഷം വിജ്ഞാപനം ചെയ്യുന്നതാണ്. ഓൺ-ലൈൻ സംവിധാനത്തിലൂടെ വേണം ഓപ്ഷനുകൾ സമർപ്പിക്കേണ്ടത്. അത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷണർ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും അയയ്ക്കുന്നതാണ്. ഇവ **cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമായിരിക്കും. ഓപ്ഷനുകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിന് സമയപരിധി ഉണ്ടായിരിക്കും. ഇത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

16-05-2007